(സി&ഡി) 20-12-2014 തീയതിയിലെ 39225/ഡി2/14/ഉ.വി.വ. നമ്പർ കത്ത് പ്രകാരം കോളേജ് വിദ്യാഭ്യാസ ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത റിപ്പോർട്ട് 21-7-2015-ന് സർക്കാരിൽ ലഭ്യമായിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(ഇ) കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് പരിശോധിച്ച് അനന്തര നടപടികൾ അടിയന്തരമായി സ്വീകരിക്കുന്നതാണ്.

പെരുമ്പാവൂർ മാർത്തോമാ വനിതാ കോളേജിൽ അദ്ധ്യാപക നിയമനം

5 (5067) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്താറുണ്ടോ ;

(ബി) പെരുമ്പാവൂർ മാർത്തോമ വനിതാ കോളേജിൽ 2005-06 അദ്ധ്യയന വർഷം അനുവദിച്ച ബി.എസ്സി കെമിസ്ട്രി മോഡൽ I-കോഴ്സിലേക്ക് ആവശ്യമായ അദ്ധ്യാപകരെ നിയമിക്കാൻ അനുവദിക്കണമെന്ന കോളേജിന്റെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ അദ്ധ്യാപക നിയമനം നടത്താൻ അനുവാദം നൽകുമോ ?

ഉത്തരം

(എ) ഇല്ല.

(ബി&സി) ഉണ്ട്. ബി.എസ്സി കെമിസ്ട്രി മോഡൽ-I കോഴ്സിലേക്ക് ആവശ്യമായ അദ്ധ്യാപക തസ്തികകൾ അനുവദിക്കണമെന്ന കോളേജ് മാനേജരുടെ അപേക്ഷ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിനായി 23-7-2015-ലെ സർക്കാർ മേലെഴുത്ത് നമ്പർ19000/ഡി2/15/ഉ.വി.വ. പ്രകാരം അയച്ചുകൊടുത്തിട്ടുണ്ട്. ടി റിപ്പോർട്ട് ലഭ്യമാക്കി അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

വിഭിന്നശേഷിയുള്ള കുട്ടികളുടെ സ്പെഷ്യൽ സ്കൂളുകൾ

6 (5069) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഭിന്നശേഷിയുള്ള കുട്ടികൾ പഠിക്കുന്ന സ്കൂളുകൾ എയ്ഡഡ് മേഖലയിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) പൂർണ്ണമായും ഇല്ല. സർക്കാർ ഉത്തരവ് (എംഎസ്.) 115/15/പൊ.വി.വ. തീയതി 15-5-2015 പ്രകാരം ബഡ്സ് സ്കൂളുകൾ ഉൾപ്പെടെ മാനസികവെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന 100 വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി എയ്ഡഡ് പദവി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ അംഗീകരിച്ചും സർക്കാർ ഉത്തരവ് (എം.എസ്.) 116/15/പൊ.വി.വ. തീയതി 15-5-2015 പ്രകാരം 50 കുട്ടികളുള്ള അത്തരം സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് തത്വത്തിൽ അനുമതി നൽകിയും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

എയ്ഡഡ് ഹയർസെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽ നിയമനം

7 (5071) ശ്രീ. കെ. കഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എയ്ഡഡ് ഹയർസെക്കൻഡറി സ്കൂളുകളിൽ പ്രിൻസിപ്പൽ പ്രൊമോഷന് സ്പെഷ്യൽ റൂൾസിൽ പറയുന്ന നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(ബി) അവയ്ക്ക് വിരുദ്ധമായി കാസർഗോഡ് ജില്ലയിൽ ഏതെങ്കിലും എയ്ഡഡ് ഹയർസെക്കന്ററി സ്കൂളിൽ പ്രിൻസിപ്പൽ നിയമനം നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) പ്രസ്തുത നിയമനത്തിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) എയ്ഡഡ് ഹയർസെക്കൻഡറി സ്കൂളുകളിലെ പ്രിൻസിപ്പൽ നിയമനം 9-11-2001-ലെ ജി.ഒ. (പി.)നമ്പർ 331/2001/പൊ.വി.വ. 27-3-2009-ലെ ജി.ഒ. (പി)നമ്പർ 93/2009/പൊ.വി.വ. ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ച സ്പെഷ്യൽ റൂൾസിന്റെ അടിസ്ഥാനത്തിലാണ് നടത്തുന്നത്. ടി റൂൾസിന്റെ അടിസ്ഥാനത്തിൽ പ്രിൻസിപ്പൽ നിയമനം ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ തസ്തികയിൽ നിന്നുള്ള പ്രൊമോഷൻവഴിയും യോഗ്യരായ ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാരിൽ നിന്നും ട്രാൻസ്ഫർ നിയമനംവഴിയും 2:1 അനുപാതത്തിൽ നടത്താവുന്നതാണ്.